ഞാങ്കടവു പാലം

50 [84] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഞാങ്കടവ് എന്ന സ്ഥലത്തു നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയായോ;

(ബി) എങ്കിൽ അനന്തര നടപടി തുടങ്ങുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) മേൽ പ്രസ്താവിച്ചതിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മാലുമേൽ കടവുപാലം

51 [85] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പള്ളിക്കലാറ്റിൽ മാലുമേൽകടവ് എന്ന സ്ഥലത്ത് ഒരു പാലം നിർമ്മിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനം സമർപ്പിച്ചതാര്;

(സി) അനന്തരനടപടികൾ എന്തുവരെയായി എന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. കല്ലട നാരായണൻ, എം.എൽ.എ.-യിൽ നിന്നും ശ്രീ. ജി. രാജൻ മുതൽ പേരിൽനിന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) ഈ പണിക്ക് ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ലാത്തതിനാൽ അനന്തര നടപടികൾ എടുത്തിട്ടില്ല.

എം. സി. റോഡ്

52 [87] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിനെ നാഷണൽ ഹൈവേയിൽ പെടുത്തുവാനുള്ള നിർദ്ദേശം കേന്ദ്രഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) അതുവരെയും കാത്തിരിക്കാതെ അപകടം പിടിച്ചതും തിരുവല്ലാ ചങ്ങനാശ്ശേരി റോഡിലുള്ളതുമായ പന്നിക്കുഴിപ്പാലം, ഇടപ്പാലം തുടങ്ങിയ പാലങ്ങൾ പുതുക്കി പണിയുവാൻ നടപടി സ്വീകരിച്ചുവോ?

LIBRARY ARCHIVES Kerala Legislative Assembly